(സി) കൊല്ലം-44.7269 ഹെക്ടർ, കോട്ടയം-7.6410 ഹെക്ടർ, ആലപ്പുഴ-3.2018 ഹെക്ടർ, ഇടുക്കി-640.8907 ഹെക്ടർ, എറണാകുളം-5.2631 ഹെക്ടർ, തൃശ്ശൂർ-2.2996 ഹെക്ടർ, പാലക്കാട്-1.7976 ഹെക്ടർ, മലപ്പുറം-77.7991 ഹെക്ടർ, കോഴിക്കോട്-20.161 ഹെക്ടർ, വയനാട്-962.75 ഹെക്ടർ, കണ്ണൂർ-118.6234 ഹെക്ടർ, കാസർഗോഡ്-20.2429 ഹെക്ടർ.

(ഡി) ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനായി കണ്ടെത്തുന്ന ഭൂമികൾ പലതും പിന്നീട് വിവിധ കാരണങ്ങളാൽ വിതരണത്തിന് ലഭ്യമാകാതെ വരുന്നതിനാൽ ആദിവാസികൾക്ക് വിതരണത്തിനായി കൂടുതൽ ഭൂമി കണ്ടെത്തുന്ന ജോലി പൂർത്തിയാക്കുന്നതിന് ഒരു സമയപരിധി നിശ്ചയിക്കാൻ പ്രയാസമാണ്.

പട്ടയം ലഭ്യമാക്കുന്നതിന് നടപടി

135 [1074] ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർകോഡ് ജില്ലയിൽ കൈവശ ഭൂമിക്ക് പട്ടയം ലഭ്യമാക്കുന്നതിനു വേണ്ടി എത്ര അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ടെന്ന് താലൂക്ക് തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇവർക്ക് ഈ ഗവൺമെന്റിന്റെ കാലാവധിക്ക് മുമ്പ് പട്ടയം നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കാസർകോഡ് ജില്ലയിൽ കാസർകോഡ് താലൂക്കിൽ 1647 അപേക്ഷകളും ഹോസ്ദുർഗ്ഗ് താലൂക്കിൽ 914 അപേക്ഷകളും ഉൾപ്പെടെ ആകെ 2561 അപേക്ഷകൾ പട്ടയം ലഭിക്കുന്നതിനായി നിലവിലുണ്ട്.

(ബി) മേൽ അപേക്ഷകളെല്ലാം തന്നെ അന്വേഷണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഈ അപേക്ഷകളിൽ അന്വേഷണം പൂർത്തിയാകുന്ന ക്രമത്തിൽ അർഹതയുള്ള കേസുകളിൽ പട്ടയം നൽകുവാൻ നടപടി സ്വീകരിക്കുന്നതാണ്.

മിച്ചഭൂമി വിതരണം

136 [1075] ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ മിച്ചഭൂമി ലഭിക്കുന്നതിനുവേണ്ടി സംസ്ഥാനത്ത് എത്ര അപേക്ഷകൾ ഉണ്ടായിരുന്നുവെന്ന് വിശദമാക്കുമോ ;

(ബി) പുതുതായി 2001 ജൂൺ 1 മുതൽ 2005 ജനുവരി 31 വരെ മിച്ചഭൂമിക്ക് വേണ്ടി എത്ര അപേക്ഷകളാണ് കിട്ടിയതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഇതിൽ എത്ര പേർക്ക് മിച്ചഭൂമി വിതരണം ചെയ്തു ;

LIBRARY ARCHIVES Kerala Legislative Assembly